(ബി) ആരാണ് ഈ തിരഞ്ഞെടുപ്പു നടത്തുന്നത്; ഒരു സെലക്ഷൻ ബോർഡാണോ യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മിഷനാണോ;

(സി) സെലക്ഷൻ ബോർഡാണെങ്കിൽ അതിലെ അംഗങ്ങളാരെല്ലാം;

(ഡി) ഈ ബോർഡ് എത്ര ഉദ്യോഗസ്ഥന്മാരെ ഇൻറർവ്യൂ ചെയ്തു; ഏതെടിസ്ഥാനത്തിലാണ് അവരെ ഇൻറർവ്യൂവിനു ക്ഷണിച്ചത്;

(ഇ) തിരഞ്ഞെടുക്കപ്പെട്ടവരിൽ എത്രപേർ മുൻ തിരുവിതാംകൂർ-കൊച്ചി സർവ്വീസിൽനിന്നും മുൻ മദിരാശി സർവ്വീസിൽനിന്നും ഉണ്ട്;

(എഫ്) സെലക്ഷൻ ബോർഡിൻറെ തീരുമാനം ഭേദഗതി ചെയ്യാൻ ഈ ഗവണ്മെൻറിനു് അധികാരമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്):

(എ) 1958 സെപ്റ്റംബറിൽ.

(ബി) കെ. എ. എസ്സ്. (അപ്പോയിൻറുമെൻറു് ടു പ്രമോഷൻ) റെഗുലേഷൻസ് 1955-ലെ വ്യവസ്ഥകളനുസരിച്ചു് സംഘടിപ്പിച്ച ഒരു കമ്മിറ്റിയാണ് സെലക്ഷൻ നടത്തുന്നത്.

(സി) താഴെ പറയുന്നവർ കമ്മിറ്റിയിലുണ്ടായിരിക്കും:

(1) യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ ചെയർമാനോ അല്ലെങ്കിൽ അതിനെ പ്രതിനിധീകരിക്കുന്ന മെമ്പറോ (ചെയർമാൻ)

(2) ചീഫ് സെക്രട്ടറി (മെമ്പർ)

(3) റവന്യൂ ബോർഡു് സെന്നാം മെമ്പർ (മെമ്പർ)

(4) റവന്യൂ സെക്രട്ടറി (മെമ്പർ)

(ഡി) 11 പേരെ ഇൻറർവ്യൂ ചെയ്തു. റൂളുകളനുസരിച്ച് 1-1-1958-ൽ നിശ്ചിതയോഗ്യതകളും ഉള്ള എല്ലാ ആഫീസർമാരുടെ കാര്യവും പരിശോധിച്ചശേഷം കമ്മിറ്റിയുടെ കൂടുതൽ പരിശോധന സാധുകരിക്കത്തക്ക റിക്കാർഡുകളും ഉള്ള ആഫീസർമാരെ മാത്രം ഇൻറർവ്യൂ ചെയ്യുകയുണ്ടായി.

(ഇ) മുൻ തിരുവിതാംകൂർ-കൊച്ചി സർവ്വീസിൽനിന്നു ഉള്ളവരില്ല. മുൻ മദിരാശി സർവ്വീസിലുണ്ടായിരുന്ന ഒരാളുണ്ട്.

(എഫ്) ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എല്ലാ ആഫീസറന്മാരെയും ഇൻറർവ്യൂവിനു് വിളിക്കാറുണ്ടോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: എല്ലാപേരെയും വിളിക്കുന്ന ഏർപ്പാടില്ല. യോഗ്യതയുള്ള എല്ലാ ആഫീസറന്മാരുടെയും പേഴ്സണൽ പേപ്പേഴ്സ് നോക്കി അതിൻറെ അടിസ്ഥാനത്തിൽ ഇൻറർവ്യൂ നടത്തണമെന്നു കമ്മിറ്റിക്കു തോന്നുന്ന ആളുകളെ ഇൻറർവ്യൂവിനു വിളിക്കുകയായിരിക്കും ചെയ്യുന്നത്.

ബെൽമെറൽ വ്യവസായം.

* 1589. [22] ശ്രീ. ജി. പത്മനാഭൻ തമ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ബെൽമെറൽ വ്യവസായത്തിനു് എത്ര യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്; എവിടെയെല്ലാം;

(ബി) മാന്നാർ കേന്ദ്രമായി അനുവദിച്ചിരുന്ന ബെൽമെറൽ യൂണിറ്റു് ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്തതു് എന്തുകൊണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) രണ്ടു്—മാന്നാർ, കത്തിമംഗലം.

(ബി) മാന്നാറിൽ ബെൽമെറ്റൽ കേന്ദ്രം സ്ഥാപിക്കാനുള്ള പദ്ധതി അടുത്തിടെയും കരകൗശല ബോർഡു് അനുവദിച്ചതു് കഴിഞ്ഞ സാമ്പത്തിക വർഷം ഒടുവിലാണു്.

ശ്രീ. ജി. പത്മനാഭന്റെ തമ്പി : ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ തൊഴിലാളികളും സഹകരണാടിസ്ഥാനത്തിൽ സംഘടിക്കുകയാണെങ്കിൽ അതിനെല്ലാം സഹായങ്ങളും നൽകുമെന്നു വ്യവസായവകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളതു് ഓർമ്മിക്കുമോ ?

ശ്രീ. കെ. പി. ഗോപാലൻ : കഴിഞ്ഞ സാമ്പത്തികവർഷം ഒടുവിലാണു് കരകൗശല ബോർഡു് അനുവദിച്ചതു്. 29,750 രൂപ കേന്ദ്രം ഇതിലേയ്ക്കു നീക്കിവച്ചിട്ടുണ്ടു്. ഈ വർഷം തന്നെ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുന്നതാണു്.

കന്യാകുമാരി ഡിസ്ട്രിക്ടിൽനിന്നും കേരളത്തിലേയ്ക്കുള്ള അരിക്കച്ചവടനിയന്ത്രണം.

* 1590. [23] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷേമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) മദ്രാസു് സംസ്ഥാനത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്ന കന്യാകുമാരി ഡിസ്ട്രിക്ടിൽനിന്നും കേരളത്തിലേയ്ക്കുള്ള അരിയുടേയും, നെല്ലിന്റേയും കച്ചവടത്തേയും കടത്തലിനേയും മദ്രാസു് ഗവണ്മെന്റു് നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു രൂപത്തിൽ ;

(സി) കേരളത്തിൽനിന്നും കന്യാകുമാരി ജില്ലയിലേയ്ക്കു നെല്ലും അരിയും കയറ്റുന്നതിനെ കേരള ഗവണ്മെന്റു നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതു രൂപത്തിൽ ?

ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്):

(എ) നെല്ലുകടത്തൽ നിയന്ത്രിച്ചിട്ടുണ്ടു്. അരിയുടെ കടത്തൽ നിയന്ത്രിക്കുകയോ, നിരോധിക്കുകയോ ചെയ്തിട്ടില്ല.

(ബി) മദ്രാസു് സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്തു നിന്നും ആ ഗവണ്മെന്റിന്റെ പെർമിറ്റ പ്രകാരമല്ലാതെ നെല്ലു് കേരളത്തിലേയ്ക്കു കടത്തിക്കൊണ്ടു പോകുന്നതിനെ നിരോധിച്ചിട്ടുണ്ടു്. ഇപ്രകാരം മദ്രാസു് സ്റ്റോറിൽ നിന്നും നെല്ലു് കടത്തിക്കൊണ്ടു വരുന്നതിനുള്ള പെർമിറ്റ ഈ സ്റ്റോറിലെ മില്ലുടമസ്ഥന്മാർക്കും, ഈ സ്റ്റോറിൽ താമസക്കാരായ മദ്രാസു് സ്റ്റോറിലെ ഇതര ഉടമസ്ഥന്മാർക്കും മാത്രമേ കൊടുക്കുകയുള്ളു. എന്നാൽ അരി കൊണ്ടുവരുന്നതിനെ മദ്രാസു് ഗവണ്മെന്റു നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്തിട്ടില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ജനാർദ്ദനൻ നായർ : അരി കൊണ്ടുവരുന്നതിനെ നിയന്ത്രിച്ചിട്ടില്ലെന്നു പറഞ്ഞു. പക്ഷേ അങ്ങനെ കൊണ്ടുവരുന്നതിനു് ചെക്കു് പോസ്റ്റുകൾ അനുവദിക്കുന്നില്ലെന്നു് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly